# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 801** — **30.06.2015- ലെ മറുപടി.**

## മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പുതിയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്, പുതുതായി ആരംഭിച്ച മഞ്ചേരി, ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതിനോടകം തന്നെ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) മഞ്ചേരി മെഡിക്കൽ കോളേജിന്റെ അക്കാഡമിക് കാര്യങ്ങളിലെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഉണ്ട്, എം.സി.ഐ അധികാരികൾ മഞ്ചേരി മെഡിക്കൽ കോളേജിലെ അക്കാഡമിക് സൗകര്യങ്ങൾ വിലയിരുത്തി എം.ബി.ബി.എസിന് 100 സീറ്റ് അഡ്മിഷൻ നടത്തുന്നതിനുള്ള അനുവാദം 2013-14 വർഷത്തിൽ തന്നെ നൽകിയിരുന്നു. |
| (സി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ അക്കാഡമിക്, ഭരണ രംഗങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) ഉണ്ട്. |
| (ഡി) അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത മെഡിക്കൽ കോളേജിന് എന്തെല്ലാം ആവശ്യങ്ങളാണുള്ളത്; വിശദമാക്കാമോ; (ഇ) അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) & (ഇ) അക്കാദമിക് ബ്ലോക്ക്, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ്, പഠനോപകരണങ്ങൾ എന്നിവയാണ് ആദ്യഘട്ടത്തിൽ ആവശ്യമായി വരുന്നത്. ഈ ആവശ്യങ്ങൾ പൂർത്തീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ